**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4377** **18-03-2025 - ൽ മറുപടിയ്ക്ക്**

**റെഗുലേറ്ററി കമ്മീഷന്റെ ക്ഷേമ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ക്യാൻസർ രോഗികൾക്കും ഭിന്നശേഷിക്കാർക്കും ചെറുകിട സംരംഭകർക്കുമുള്ള ആനുകൂല്യങ്ങൾ, തർക്ക പരിഹാര സെൽ തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ചുള്ള റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശങ്ങളിന്മേൽ കെ.എസ്.ഇ.ബി. നടപടി എടുക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (എ) | 08.07.2019 മുതൽ തന്നെ ക്യാൻസർ രോഗബാധിതനോ, പോളിയോ മൂലമോ അപകടം മൂലമോ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ (40 ശതമാനമോ അതിൽ കൂടുതലോ) ആയ അംഗങ്ങൾ (ഭിന്ന ശേഷിക്കാർ) ഉള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം പ്രതിമാസം 100 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വന്നിരുന്നു. ഇവരുടെ കണക്റ്റഡ് ലോഡിന്റെ പരിധി 1000 വാട്ട്സായി റെഗുലേറ്ററി കമ്മീഷൻ നിജപ്പെടുത്തിയിരുന്നു. ഇതിൽ പ്രകാരം അർഹരായ എല്ലാ ഉപഭോക്താക്കൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകി വന്നിരുന്നു.<br><br>05.12.2024 -ലെ താരിഫ് ഉത്തരവിലൂടെ സ്ഥിരമായി അംഗവൈകല്യം സംഭവിച്ച എല്ലാവർക്കും (40 ശതമാനമോ അതിൽ കൂടുതലോ) അവരുടെ കണക്റ്റഡ് ലോഡ് 2000 വാട്ട്സ് വരെയാണെങ്കിൽ ടി ആനുകൂല്യം ലഭ്യമാക്കി വരുന്നു.<br><br>നാനോ ഹൗസ്ഹോൾഡ് യൂണിറ്റിന് അവരുടെ കണക്റ്റഡ് ലോഡ് 5hp (4 കിലോവാട്ട്) വരെയാണെങ്കിൽ പ്രത്യേക കണക്ഷൻ എടുക്കേണ്ടതില്ലെന്നും നിലവിലുള്ള ഗാർഹിക കണക്ഷനിൽ നിന്നും ഗാർഹിക താരിഫിൽ തന്നെ വൈദ്യുതി എടുക്കാമെന്നും കേരളാ ഇലക്ട്രിസിറ്റി സപ്ലൈകോഡ് വ്യവസ്ഥ ചെയ്യുന്നു. ഇതിൻപ്രകാരം നാനോ ഹൗസ് ഹോൾഡ് യൂണിറ്റിന് വൈദ്യുതി നൽകി വരുന്നു.<br><br>ഇതിനു പുറമേ 20 കിലോവാട്ടിനു മുകളിൽ കണക്റ്റഡ് ലോഡുള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പകൽ സമയത്തെ എനർജി ചാർജ്ജിൽ 10% കുറവ്, 05.12.2024 മുതൽ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | റെഗുലേറ്ററി കമ്മീഷൻ നിർദ്ദേശം അനുസരിച്ച് കെ.എസ്.ഇ.ബി.എൽ. പുതുതായി ത്രിതല ആഭ്യന്തര പരാതി പരിഹാര സമിതികൾ (ഐ.ജി.ആർ.സി) വിതരണ മേഖലയിൽ എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നിരക്ക് പരിഷ്കരണം നടപ്പാക്കുമ്പോൾ ബി.പി.എൽ. വിഭാഗത്തിലെ ക്യാൻസർ രോഗികൾ, ഭിന്നശേഷി വിഭാഗക്കാർ തുടങ്ങിയവർക്ക് 200 യൂണിറ്റ് വരെ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് റഗുലേറ്ററി കമ്മീഷൻ നിർദ്ദേശിക്കുകയുണ്ടായോ; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 05.12.2024-ൽ പുറപ്പെടുവിച്ച താരിഫ് ഉത്തരവ് പ്രകാരം ക്യാൻസർ രോഗബാധിതനോ, സ്ഥിരമായ അംഗവൈകല്യം സംഭവിച്ചതോ (40 ശതമാനമോ അതിൽ കൂടുതലോ) ആയ അംഗങ്ങൾ ഉള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുബങ്ങൾക്ക് പ്രതിമാസം 100 യൂണിറ്റ് വരെ 1.50 രൂപ നിരക്കിൽ വൈദ്യുതി നൽകി വരുന്നു. ഇവരുടെ കണക്ടഡ് ലോഡിന്റെ പരിധി 2000 വാട്ട്സായി റെഗുലേറ്ററി കമ്മീഷൻ നിജപ്പെടുത്തിയിരിക്കുന്നു. |
| (സി) | കെ.എസ്.ഇ.ബി. ഇവ നടപ്പാക്കാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ചട്ടങ്ങളും കെ.എസ്.ഇ.ബി ലിമിറ്റഡ് സമയ ബന്ധിതമായി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ